(ബി) നോൺ പ്ലാൻ ചെലവുകൾ ബജറ്റിനുള്ളിൽ തന്നെ നിർത്തേണ്ടതായിട്ടുള്ള സർക്കാർ നിർദ്ദേശം ഏതെല്ലാം വകുപ്പുകളിൽ നടപ്പാക്കാൻ കഴിഞ്ഞുവെന്നത് സാമ്പത്തിക വർഷാവസാനം മാത്രമേ കണക്കാക്കാൻ കഴിയുകയുള്ളൂ.

(സി) വനം, പരിസ്ഥിതി വകുപ്പുമന്ത്രി, നഗരകാര്യ പിന്നോക്ക ക്ഷേമവകുപ്പുമന്ത്രി, ശ്രീ. പി.കെ. മൊഹന്തി, എ.സി.എസ്, പരിസ്ഥിതി വകുപ്പ്, ശ്രീ. ജയിംസ് വർഗ്ഗീസ്, പ്രിൻസിപ്പൽ സെക്രട്ടറി, എൽ.എസ്.ജി.ഡി., ശ്രീ. കബീർ ബി. ഹാരൂൺ, സ്പെഷ്യൽ ഓഫീസർ, ക്ലീൻ കേരള കോ-ലിമിറ്റഡ് എന്നിവർ ബൾഗേറിയ, ഇംഗ്ലണ്ട് എന്നിവിടങ്ങളിലേക്ക് നടത്താനിരുന്ന യാത്രയ്ക്ക് അനുമതി നിഷേധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ താത്പര്യങ്ങൾ കണക്കിലെടുത്ത് ഒഴിവാക്കാനാകാത്ത സാഹചര്യങ്ങളിൽ മാത്രമേ വിദേശ യാത്രകൾ അനുവദിക്കാറുള്ളൂ. ഇത്തരം യാത്രകൾ വഴിയുണ്ടാകുന്ന ചെലവ് ബാദ്ധ്യതയായി സർക്കാർ കരുതുന്നില്ല. വിദേശ യാത്രകൾ നടത്തിയിട്ടുള്ളത് സംബന്ധിച്ച വിശദാംശങ്ങൾ ക്രോഡീകരിച്ച് സൂക്ഷിക്കുന്ന പതിവില്ല.

(ഡി) പ്രസ്തുത ചെലവ് ചുരുക്കൽ നിർദ്ദേശം സർക്കാർ പ്രഖ്യാപിച്ചശേഷം വാങ്ങിയ വാഹനങ്ങൾ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ഇ) ധനവകുപ്പ് സ്റ്റേ അനുവദിക്കാറില്ല.

അമ്പലപ്പുഴ മണ്ഡലത്തിൽ അനുമതി ലഭിച്ച പ്രവൃത്തികൾ

131 (4122) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആസ്തി വികസന പദ്ധതി പ്രകാരം അമ്പലപ്പുഴ മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികളുടെ പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ട്; ഏതൊക്കെ പ്രവൃത്തികൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിക്കാൻ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാലതാമസം ഒഴിവാക്കാൻ എന്തു നടപടിയാണ് സ്വീകരിക്കുക; വ്യക്തമാക്കാമോ ;

(സി) ഒരു സാമ്പത്തിക വർഷത്തെ പ്രവൃത്തി ആ വർഷംതന്നെ പൂർത്തിയാക്കാൻ കഴിയുന്ന രൂപത്തിൽ നടപടിക്രമങ്ങൾ ലഘൂകരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly